# പെസഹാ വ്യാഴം

## വചന വിചിന്തനം

### ഏഴാം ഞായർ

മത്താ 26,14-30

**"പെസഹാ കടന്നുപോകൽ മാത്രമല്ല; മറിച്ച്, കടന്നുവരവും കൂടിയാണ്... അപ്പമായ് അധരങ്ങളിലും ഹൃദയങ്ങളിലും അലിഞ്ഞ് ചേരാൻ"**

*മേലങ്കി അഴിച്ച് അരകച്ചയാക്കാനുള്ള ഓർമ്മപ്പെടുത്തലാണ് പെസഹാ! ആധികാരത്തിൽ നിന്ന് ശുശ്രൂഷയിലേയ്ക്കുള്ള അവരോഹണം....*

കുഞ്ഞുങ്ങൾക്ക് വേണ്ടി മുട്ടയുടെമേൽ അടയിരിക്കുന്ന പെലിക്കൺ പക്ഷിയോട് സൂത്രശാലിയായ കുറക്കൻ പറഞ്ഞു;

"നീയൊരു മണ്ടനാണ്... നീ മണ്ടനല്ലായിരുന്നെങ്കിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമായിരുന്നില്ല!"

പെലിക്കൺ പക്ഷി അമ്പരന്നുപോയ്... ആദ്യമായാണ് ഒരാൾ താൻ മണ്ടനാണെന്ന് പറയുന്നുത്. അതും കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നതിന്റെ പേരിൽ! പെലിക്കൺ പക്ഷിക്ക് കൗതുകമായ്. എന്തുകൊണ്ടാണ് താൻ മണ്ടനാണെന്ന് കുറുക്കൻ പറയുന്നത്? പെലിക്കൺ പക്ഷി കളള കുറുക്കനോട് തിരിച്ച് ചോദിച്ചു.

കുറുക്കൻ മറുപടി പറഞ്ഞു,

"നീ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നത് നല്ല കാര്യം. പക്ഷെ, കുഞ്ഞുങ്ങൾക്ക് ജന്മം നൽകി കഴിഞ്ഞാൽ നിന്റെ വിധി എന്താണ്? കുഞ്ഞുങ്ങൾക്ക് ജീവൻ സമ്മാനിക്കാനായ് നിന്റെ ഹൃദയത്തിൽ നിന്നൊഴുകുന്ന ചുടുചോര അമൃതായ് കുഞ്ഞുങ്ങളുടെ അധരങ്ങളെ സ്പർശിക്കണം. ചുരുക്കത്തിൽ, നിന്റെ കുഞ്ഞുങ്ങൾക്ക് വേണ്ടി നിന്റെ ജീവൻ ബലി കഴിക്കണമെന്നർത്ഥം. ഇങ്ങനെയാണെങ്കിൽ, നിനക്ക് ബുദ്ധിയുണ്ടായിരുന്നെങ്കിൽ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമോ?"

സത്യം പറഞ്ഞാൽ കളളകുറുക്കന്റെ മറുപടി വന്ന് കൊള്ളിയാനായ് പതിച്ചത് പെലിക്കൺ പക്ഷിയുടെ ചങ്കിലാണ്. ഒരൽപ്പസമയത്തെ ആലോചനയ്ക്ക് ശേഷം പെലിക്കൺ പക്ഷി മറുപടി പറഞ്ഞു;

"നീ പറയുന്നത് ശരിയാകാം. പക്ഷെ, തന്റെ മക്കൾക്ക് ജീവനുണ്ടാകുവാൻവേണ്ടി ജീവനർപ്പിക്കമ്പോഴുണ്ടാകുന്ന ആത്മനിവൃതി, അത് സമ്മാനിക്കുന്ന സന്തോഷം വാക്കുകൾക്ക് അതീതമാണ്... ഇത് കണ്ട്, ഞങ്ങളെ കണ്ട് വളരുന്ന മക്കൾ ഒരിക്കൽപോലും കുഞ്ഞുങ്ങൾക്ക് ജന്മം നൽകാതിരിക്കില്ല. ഉറപ്പാണ്..."

പെസഹാ വ്യാഴാഴ്ച്ച, അന്ത്യത്താഴവേളയിൽ, വി.കുർബ്ബാന സ്ഥാപിച്ച് "ഇത് എന്റെ ഓർമ്മയ്ക്കായ് ചെയ്യുവിൻ" എന്ന് കൽപ്പിച്ചവനെ ഓർക്കുമ്പോൾ ഇതിനേക്കൾ നല്ല ഒരു ധ്യാനവിചിന്തനമില്ല. എല്ലാം കഴിഞ്ഞ് ക്രിസ്തു കൂട്ടി ചേർക്കുന്നു, "ഞാൻ നിങ്ങൾക്ക് പുതിയൊരു കൽപ്പന തരുന്നു, നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ." പഴയനിയമത്തിലെ പെസഹാകുഞ്ഞാടിന്റെ രക്തം ഇസ്രായേൽ ജനങ്ങളെയും കുടുംബങ്ങളെയും മരണദൂതനിൽ നിന്ന് രക്ഷിച്ചുവെങ്കിൽ പുതിയനിയമത്തിലെ പെസഹാ കുഞ്ഞാടായ മിശിഹായുടെ രക്തം മനുഷ്യവർഗ്ഗത്തെ മുഴുവനെയുമാണ് നിത്യമരണത്തിൽ നിന്ന് കരയേറ്റുന്നത്. എങ്കിൽ, പെസഹാവ്യാഴം പലവിധങ്ങളാൽ ലോകം കണ്ടിട്ടുളളതിൽ വച്ച് ഏറ്റവും വലിയ സമസ്യനിറഞ്ഞ ദിനങ്ങളിൽ ഒന്നാണ്.

തന്റെ ശരീരരക്തങ്ങൾ മനുഷ്യകുലത്തിന്റെ പാപമോചനത്തിനായ് കീറിമുറിച്ച് വാഴ്ത്തി വിഭജിച്ച് നൽകുന്നതിന്റെ പശ്ചാത്തലം ഏറെ ഹൃദ്യമാണ്. മനുഷ്യന് ക്രിസ്തുവിനോടുളള സ്നേഹം അണപൊട്ടിയൊഴുകന്നത് കണ്ടിട്ടല്ല അവിടുന്ന് തന്നെ തന്നെ വിഭജിച്ച് നൽകിയത്. തന്റെ രാജകീയമായ ജറുസലേം പ്രവേശനത്തിനിടയിൽ ജനലക്ഷങ്ങൾ 'ഹോശാന' പാടി "ഞങ്ങളെ രക്ഷിക്കണമേ..." എന്നുള്ള പ്രാർത്ഥനകൾക്ക് മദ്ധ്യേ

യല്ല ക്രിസ്തു തന്നെ തന്നെ പകുത്ത് നൽകിയത്. ജനങ്ങൾ അവനെ രാജാവാക്കാൻ പിടിച്ചുകൊണ്ട് പോയി "ഞങ്ങൾ പിമ്പിലുണ്ട് നീ ഞങ്ങളെ നയിച്ചോളു" എന്നു പറഞ്ഞപ്പോഴുമല്ല അവൻ തന്നെതന്നെ കീറിമുറിച്ച് അവർക്കായ് പങ്കുവച്ചത്. "നീ മിശിഹാ ആകുന്നു"വെന്ന് പത്രോസ് ഏറ്റുപറഞ്ഞപ്പോഴും "നീയാണ് രക്ഷകൻ എന്ന് പറഞ്ഞ്" പാപിനിയായ സ്ത്രീ തൈലാഭിഷേകം നടത്തിയപ്പോഴും ആയിരങ്ങൾ ക്രിസ്തുവിനെ അനുഗമിക്കാനുണ്ടായിരുന്നു. അപ്പോഴൊന്നും ക്രിസ്തു തന്നെ തന്നെ വിഭജിച്ച് നൽകുകയൊ കീറി മുറിക്കുകയോ ചെയ്യുന്നില്ല. മറിച്ച്, ക്രിസ്തു തന്നെ തന്നെ കീറിമുറിച്ച് അനേകർക്ക് സമ്മാനിക്കുന്ന പെസഹാവ്യാഴത്തിന്റെ മുമ്പും പിമ്പും കയ്പ്പുനിറഞ്ഞ അനുഭവങ്ങളാണ് അവന്റെ ജീവിതത്തിലേയ്ക്ക് വിരുന്ന് വരുന്നത്.

വചനം സാക്ഷ്യപ്പെടുത്തുന്നതനുസരിച്ച് ക്രിസ്തു പെസഹാ ആചരിക്കുന്നതിന് മുമ്പുള്ള മൂന്ന് ഭാഗങ്ങളിൽ ഒന്നിൽ പോലും ക്രിസ്തുവിന് അൽപം പോലും സന്തോഷം നൽകുന്നില്ല. 26-ാം അദ്ധ്യായം അരംഭിക്കുന്നതുതന്നെ പ്രധാനപുരോഹിതൻമാരും ജനപ്രമാണികളും കയ്യഫാസ് എന്നുപേരായ പ്രധാനാചാര്യന്റെ കൊട്ടാരത്തിൽ സമ്മേളിച്ച് ക്രിസ്തുവിനെ വധിക്കാൻ ഗൂഢാലോചന നടത്തുന്നതിനെ കുറിച്ചാണ്. തുടർന്ന് വരുന്ന ഭാഗത്ത് പാപിനിയായ സ്ത്രീ ബഥാനിയായിലായിരിക്കുന്ന ക്രിസ്തുവിനെ തൈലാഭിക്ഷേകം നടത്തുമ്പോൾ അവന്റെ ശിഷ്യൻമാർ തന്നെ ഇതിനെ തെറ്റായി വ്യാഖ്യാനിക്കുന്നു. ഏറ്റവും അവസാനഭാഗത്താണ് ഏറ്റവും ക്രൂരമായത് അരങ്ങേറുന്നത്, "യൂദാസിന്റെ വഞ്ചന." ഇതിന് ശേഷമാണ് ക്രിസ്തു മനുഷ്യകുലത്തിന് രക്ഷസമ്മാനിക്കാനായ് തന്നെ തന്നെ കീറി മുറിച്ച് പങ്കുവയ്ക്കുന്നത്.

മനസ് തകർക്കുന്ന, ഹൃദയം പിളർക്കുന്ന തന്റെ പ്രിയപ്പെട്ടവരുടെ തിരസ്ക്കരണത്തിന്റെയും അവഹേളനത്തിന്റെയും നടുവിൽ നിന്ന് ക്രിസ്തു തന്നെതന്നെ കീറിമുറിച്ച് തന്റെ പ്രിയപ്പെട്ടവർക്കായ് സമ്മാനിക്കുന്നു. ക്രിസ്തു സ്നേഹത്തിന്റെ ഒരു പുതിയ മാതൃക സമ്മാനിക്കുകയാണ്, തന്നെ കൊല്ലുന്നവർക്കും കൊല്ലാകൊല ചെയ്യുന്നവർക്കും തന്റെ ജീവൻ കീറി മുറിച്ച് നൽകികൊണ്ട്. ഇതാണ് ദൈവസ്നേഹം! ക്രിസ്തു കാണിച്ച് തരുകയാണ്, "ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടെങ്കിൽ മുമ്പും പിൻപും നോക്കാതെ സ്നേഹിക്കണമെന്ന്."

> വികുർബ്ബാന സ്നേഹത്തിന്റെ കൂദാശയാണ്, ഐക്യത്തിന്റെ പ്രതീകമാണ്, ഉപവിയുടെ ഉടമ്പടിയാണ്....
>
> 2-ാം വത്തിക്കാൻ കൗൺസിൽ

നാം സ്നേഹത്തോടെ ഹൃദയത്തോട് ചേർത്തുപിടിച്ചവർ നമ്മോട് കാണിച്ചിട്ടുള്ള അപരാധങ്ങൾ ഓർത്തുനോക്കിയാൽ ഒരുനാളും അവരെ സ്നേഹിക്കാൻ നമുക്ക് സാധിക്കില്ല. നമ്മുടെ പ്രിയപ്പെട്ടവർ നമ്മോട് കാണിക്കുന്ന അപരാധങ്ങൾ, മുമ്പ് ചെയ്തിട്ടുള്ള അപരാധങ്ങൾ, ഇനി കാണിക്കാൻ പോകുന്ന അപരാധങ്ങൾ ഓർത്തുനോക്കിയാൽ ജീവൻ സമർപ്പിക്കുന്നതു പോയിട്ട് ഹൃദ്യമായി പുഞ്ചിരിക്കാൻപ്പോലും ചിലപ്പോൾ നമുക്ക് സാധിച്ചെന്നു വരില്ല. അവിടെയാണ്, ക്രിസ്തു മുമ്പും പിൻപും നോക്കാതെ സ്വജീവൻ സമർപ്പിച്ചുകൊണ്ട് സ്നേഹിക്കുന്നത്. എങ്ങനെയാണ് ക്രിസ്തുവിന് ഇപ്രകാരം സ്നേഹിക്കാൻ കഴിയുന്നത്? ഉത്തരം ഒന്നുമാത്രം; "തനിക്ക് രാജാവാകാൻ കഴിയുന്ന രാജ്യത്തെ കുറിച്ച് നാം സ്വപ്നം കാണുമ്പോൾ, ക്രിസ്തു കാണുന്ന സ്വപ്നം, എല്ലാവരും രാജാവാകുന്ന രാജ്യത്തെ കുറിച്ച്."

ഈശോയുടെ അന്ത്യത്താഴവേളയുമായ് ബന്ധപ്പെട്ട് രണ്ട് മനോഭാവങ്ങൾ ദൃശ്യമാണ്. 1. എനിക്ക് എന്ത് കിട്ടും. 2. ഞാൻ എന്ത് നൽകും? ഇതിൽ ഒന്നാമത്തെ മനോഭാവം യൂദാസിന്റേതാണ്. പന്ത്രണ്ട് പേരിൽ ഒരുവനായ യൂദാസ് സ്കറിയോത്ത പ്രധാന പുരോഹിതൻമാരുടെ അടുത്ത് ചെന്ന് ചോദിക്കുകയാണ്, "ഞാൻ ക്രിസ്തുവിനെ നിങ്ങൾക്ക് ഏൽപ്പിച്ച് തന്നാൽ നിങ്ങൾ എനിക്ക് എന്ത് തരും?" (26,15). അവർ യൂദാസിന് മുപ്പത് വെള്ളികാശു കൊടുത്തു. അവൻ സന്തോഷത്തോടെ അത് വാങ്ങി കർത്താവിനെ അവർക്ക് ചുമ്പനം കൊണ്ട് ഒറ്റികൊടുത്തു! ഗുരുവിന്റെ വില തീർത്തും കുറച്ച് കണ്ട ഹതഭാഗ്യനാണ് യൂദാസ്. കാരണം, വെറുമൊരു അടിമയുടെ വിലയ്ക്കാണ് കർത്താവിനെ യൂദാസ് വിറ്റത്. മരിച്ചവരെ ഉയർപ്പിക്കുന്ന, മഹാരോഗങ്ങൾ പോലും സുഖപ്പെടു

ത്തുന്ന, ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ വാഗ്മിയായിട്ടുള്ള, അൽഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്ന, നിയമങ്ങളിലും പാരമ്പര്യങ്ങളിലും പാണ്ഢിത്യമുള്ള ഗുരുവിന്റെ വില തീർത്തും കുറഞ്ഞുപോയ്. എന്തെങ്കിലും സ്വന്തമാക്കാൻ എന്തും കിട്ടിയ വിലയ്ക്ക് വിൽക്കുന്ന വ്യക്തികളുടെ പ്രതിനിധിയായ് യൂദാസ് മാറുകയാണ്. ഇന്നത്തെ സമൂഹത്തിൽ ഇത്തരം യൂദാസുമാരുടെ എണ്ണം കൂടിവരുകയാണ്. ദാമ്പത്യ വിശ്വസ്തത ജഡികമോഹത്തിന് വേണ്ടി വച്ചുമാറുന്നവർ, സാമ്പത്തികലഭത്തിന് വേണ്ടി സ്വന്തങ്ങളെയും ബന്ധങ്ങളെയും കാറ്റിൽ പറത്തുന്നവർ, അധികാരത്തിന് വേണ്ടി സത്യവും നീതിയും വഴിയരികിൽ ഉപേക്ഷിക്കുന്നവർ, ഒരു കുപ്പികള്ളിനുവേണ്ടി കുടുംബസമാധാനത്തെ ഓടയിൽ ഒഴിച്ചുകളയുന്നവർ... യൂദാസുമാരുടെ എണ്ണം വർദ്ധിച്ച് വരുന്നു!

ഇതിന് നേർ വിപരീതമാണ് രണ്ടാമത്തെ മനോഭാവം, "ഞാൻ എന്ത് നൽകും?" ഇത് മറ്റു ശിഷ്യരുടെ മനോഭാവമാണ്. "ഞങ്ങൾ പെസഹാ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്?" (26,17). യൂദാസിനെ നയിച്ചത് "തനിക്ക് എന്തുകിട്ടും?" എന്നുള്ള ചിന്തയാണെങ്കിൽ, മറ്റു ശിഷ്യരെ നയിക്കുന്നത്, "തങ്ങൾക്ക് എന്ത് അവന് വേണ്ടി ചെയ്യാം സാധിക്കും?" എന്നുള്ള ചിന്തയാണ്. ഒരാത്മപരിശോദ്ധനയ്ക്കുള്ള രണ്ട് മുഖങ്ങളുണ്ടിവിടെ. ക്രിസ്തുവിന്റെ അനുഗ്രഹങ്ങൾ ആവേശത്തോടെ സ്വീകരിക്കുന്നവരായ നാം എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ, "ക്രിസ്തുവിന് വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന്?" സി.എൽ.സി. സംഘടനയുടെ ഏറ്റവും മനോഹരമായ പ്രാർത്ഥനകളിൽ ഒന്ന്,

"ഇനി ക്രിസ്തുവിന് ചുറ്റിനടക്കാൻ നമ്മുടെതല്ലാതെ പാദങ്ങളില്ല...<br>
ഇനി ക്രിസ്തുവിന് നന്മകൾ ചെയ്യാൻ നമ്മുടെതല്ലാതെ കരങ്ങളില്ല...<br>
ഇനി ക്രിസ്തുവിന് സ്നേഹിക്കാൻ നമ്മുടെതല്ലാതെ ഹൃദയങ്ങളില്ല...<br>
ഇനി ക്രിസ്തുവിന് കാണാൻ നമ്മുടെതല്ലാതെ കണ്ണുകളില്ല....<br>
ഇനി ക്രിസ്തുവിന് സംസാരിക്കാൻ നമ്മുടെതല്ലാതെ അധരങ്ങളില്ല..."

'പെസഹാ ഭക്ഷണം' ക്രിസ്തു കണ്ടു പിടിച്ച ഒരേർപ്പാടല്ല. മറിച്ച്, പെസഹാഭക്ഷണത്തിന് ഇസ്രായേലിന്റെ ചരിത്രത്തോളം പഴക്കമുണ്ട്. പക്ഷെ, ക്രിസ്തുവിന്റെ അന്ത്യത്താഴവേളയിൽ ക്രിസ്തു പങ്കുവച്ച് 'പെസഹാ ഭക്ഷണ'ത്തിന് ഒരു പ്രത്യേകത ഉണ്ടായിരുന്നു. അത്രയും നാൾ വരെ പെസഹാ കുഞ്ഞാടായിരുന്നു പെസഹാദിനത്തിലെ ഭക്ഷണമെങ്കിൽ അന്ത്യത്താഴവേളയിലെ പെസഹാ കുഞ്ഞാട് "കർത്താവ്" തന്നെയായിരുന്നു. പെസഹാ കുഞ്ഞാടിന് പകരം തന്നെ തന്നെ കീറി മുറിച്ച് നൽകി പെസഹായ്ക്ക് പുതിയ മാനം നൽകുകയാണ് ക്രിസ്തു. ഇത് പുതിയ ഒരു സംസ്ക്കാരത്തിനുള്ള ആരംഭമാണ്, "നിന്നെ സ്നേഹിക്കുന്നവർക്ക് വേണ്ടി, നിന്നെ ഒറ്റികൊടുക്കുന്നവർക്കും തള്ളിപ്പറയുന്നവർക്കും വേണ്ടി നിന്റെ ജീവൻ ബലിയർപ്പിക്കണം" എന്നുള്ള സ്നേഹസംസ്ക്കാരം.

പെസഹാ സമ്മാനിക്കുന്ന മറ്റൊരു ചിത്രം "മനുഷ്യന്റെ കാല് പിടിക്കുന്ന ദൈവത്തിന്റെ മുഖമാണ്." മനുഷ്യന്റെ കാല് പിടിച്ച് അവന്റെ പാദങ്ങളാൽ അവനെ വിശുദ്ധീകരിച്ചതിന് ശേഷം സ്നേഹത്തിന്റെ പുതിയ കൽപ്പന സമ്മാനിച്ചുകൊണ്ടാണ് ക്രിസ്തു അവർക്ക് വിരുന്ന് സമ്മാനിക്കുന്നത്. തീൻ മേശകളെല്ലാം ഇപ്രകാരമായിരിക്കണം. ഉറ്റവർക്കും ഉടയവർക്കും എല്ലാം നൽകിയതുകൊണ്ട് മാത്രം ദൗത്യം തീരുന്നില്ല. മറിച്ച്, ചമ്മന്തിയാണെങ്കിലും സ്നേഹത്തിൽ ചാലിച്ചതാണെങ്കിൽ അതിന് കോഴിയിറച്ചിയുടെ രുചിയുണ്ടാകും. ഒരു മേശയ്ക്കുചുറ്റുമിരുന്ന് ഭക്ഷിക്കുമ്പോൾ ഒരു ഹൃദയമായിരിക്കണം. ദിവ്യകാരുണ്യം ഒരു സ്നേഹസംസ്ക്കാര ശൈലിയാണ്....

*"ശിഷ്യന്റെ അഹന്തയ്ക്കുള്ള ഗുരുവിന്റെ ഉത്തരം 'വടി'യല്ല. മറിച്ച്. അവന്റെ പാദങ്ങളോളം കുമ്പിടുകയാണ്... കാരണം, ഗുരുവിനറിയാം, അവന്റെ പാദങ്ങളോളം താഴാതെ അവനെ രക്ഷിക്കാനാകില്ല!'*

***"ഞാൻ എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും<br>
എന്റെ സർവ്വസമ്പത്ത് ദാനം ചെയ്താലും<br>
സ്നേഹമില്ലെങ്കിൽ ഒരു പ്രയോജനവുമില്ല!"***

1കോറി 13,3

ഫാ. ജോബി മേനോത്ത് : +91 944 7777 931